"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് - പ്ലാൻ ഫണ്ട് 2026-27 - 'ഇംഹാൻസ്-ലെ ഹോസ്റ്റൽ കെട്ടിടത്തിന്റെ ശേഷിക്കുന്ന നിർമ്മാണം' എന്ന പ്രവൃത്തി - സി.സി. 6 & പാർട്ട് ബിൽ തീർപ്പാക്കുന്നതിനായി തുക അനുവദിച്ച് - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1733/2026/H&FWD തീയതി, തിരുവനന്തപുരം, 19-05-2026

---

പരാമർശം:-

1. 29.06.2024 തീയതിയിലെ സ.ഉ.(സാധാ) നം.1568/2024/ആ.കു.വ.
2. 15.10.2024 തീയതിയിലെ സ.ഉ.(സാധാ) നം.2455/2024/ആ.കു.വ.
3. 07.03.2025 തീയതിയിലെ സ.ഉ.(സാധാ) നം.703/2025/ആ.കു.വ.
4. 02.05.2025 തീയതിയിലെ സ.ഉ.(സാധാ) നം.1219/2025/ആ.കു.വ.
5. 12.08.2025 തീയതിയിലെ സ.ഉ.(സാധാ) നം.2302/2025/ആ.കു.വ.
6. 20.02.2026 തീയതിയിലെ സ.ഉ.(സാധാ) നം.702/2026/ആ.കു.വ.
7. 26.02.2026 തീയതിയിലെ സ.ഉ.(സാധാ) നം.786/2026/ആ.കു.വ.
8. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 21.04.2026 തീയതിയിലെ PE-2/3250/2024/KPHCC നമ്പർ കത്ത്
9. ഇംഹാൻസ് ഡയറക്ടറുടെ 27.04.2026 തീയതിയിലെ എ1/800/2024/ഇംഹാൻസ് നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1)ലെ ഉത്തരവ് പ്രകാരം, 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്)-ലെ ഹോസ്റ്റൽ കെട്ടിടത്തിന്റെ ശേഷിക്കുന്ന നിർമ്മാണം' എന്ന പ്രവൃത്തിയ്ക്കുവേണ്ടി പ്ലാൻ ഫണ്ടിൽ നിന്നും '2210-05-200-95-35 - IMHANS - Grants for the Creation of Capital Assets (Plan)' എന്ന ശീർഷകത്തിനു കീഴിൽ ₹1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ഇംഹാൻസ് ബിഡ് നോട്ടിഫിക്കേഷൻ ക്ഷണിച്ച് 15.07.2024 തീയതിയിൽ കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.പി.എച്ച്.സി.സി.) -യ്ക്ക് വർക്ക് ഓർഡർ നൽകിയിരുന്നു. പരാമർശം (2) മുതൽ (7) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്കായി ആകെ ₹80,77,634/- രൂപ (എൺപത് ലക്ഷത്തി ഏഴുപത്തി ഏഴായിരത്തി അറുന്നൂറ്റി മുപ്പത്തിനാല് രൂപ) ഇതുവരെ അനുവദിക്കുകയും പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ടെന്നും, പരാമർശം (9)ലെ കത്ത് പ്രകാരം ഇംഹാൻസ് ഡയറക്ടർ

അറിയിച്ചിട്ടുണ്ട്. പരാമർശം (8)ലെ കത്തു പ്രകാരം 'ഇംഹാൻസ്-ലെ ഹോസ്റ്റൽ കെട്ടിടത്തിന്റെ ശേഷിക്കുന്ന നിർമ്മാണം' എന്ന പ്രവൃത്തിയ്ക്കായി ₹9,33,481/- രൂപയുടെ (ഒൻപത് ലക്ഷത്തി മുപ്പത്തിമൂവ്വായിരത്തി നാന്നൂറ്റി എൺപത്തൊന്ന് രൂപ) സി.സി 6 & പാർട്ട് ബിൽ കെ.പി.എച്ച്.സി.സി. മാനേജിംഗ് ഡയറക്ടർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്നും ഇംഹാൻസ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ആയതിനാൽ 'ഇംഹാൻസ്-ലെ ഹോസ്റ്റൽ കെട്ടിടത്തിന്റെ ശേഷിക്കുന്ന നിർമ്മാണം' എന്ന പ്രവൃത്തിയ്ക്കു വേണ്ടി ഭരണാനുമതി നല്കിയിട്ടുള്ള തുകയിൽ ബാക്കിയുള്ള ₹69,22,366/- രൂപയിൽ നിന്നും ₹9,33,481/- രൂപ (ഒൻപതു ലക്ഷത്തി മുപ്പത്തിമൂവ്വായിരത്തി നാന്നൂറ്റി എൺപത്തൊന്ന് രൂപ), "2210-05-200-95-35 (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചു നൽകാൻ ഇംഹാൻസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ, പരാമർശം (1)ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള, ഇംഹാൻസിലെ ഹോസ്റ്റൽ കെട്ടിടത്തിന്റെ ശേഷിക്കുന്ന നിർമ്മാണം എന്ന പ്രവൃത്തിക്കായി കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ള സി.സി. 6 & പാർട്ട് ബിൽ തീർപ്പാക്കുന്നതിനായി **₹9,33,481/- (ഒൻപതു ലക്ഷത്തി മുപ്പത്തിമൂവ്വായിരത്തി നാന്നൂറ്റി എൺപത്തൊന്ന് രൂപ) '2210-05-200-95-35 (പ്ലാൻ)'** എന്ന ശീർഷകത്തിൽ നിന്നും ഇംഹാൻസ് ഡയറക്ടർക്ക് റിലീസ് ചെയ്തു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. തുക അനുവദിക്കുന്നതിന് മുൻപായി ബില്ലുകളുടെ കൃത്യത ഇംഹാൻസ് ഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ , ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്), കോഴിക്കോട്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ (ഹെൽത്ത് - എ) വകുപ്പ് (നം.2927050/എച്ച്.എൽ.റ്റി.-എ3/156/2024-ധന തീയതി 18.05.2026 പ്രകാരം)

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (P3/97/2024-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 19-05-2026 17:34:41
സെക്ഷൻ ഓഫീസർ